കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പരിയാരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.3/576/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി: 25.08.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പരിയാരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരിയാരം ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 12 മുതൽ 29 വരെയുള്ള ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1),1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം( എയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

# കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ

# 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 08.12.18 മുതൽ 03.07.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ എക്സിറ്റ് മീറ്റിംഗ് നടത്തിയിട്ടില്ല. അപാകങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ വഴി നിർവ്വഹണ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് വേളയിൽ അപാകം പരിഹരിക്കപ്പെടാത്തവ).

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ.എം.പി.,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.07.2020 മുതൽ 17.07.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിന്ധു. ടി . പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സബിത. കെ.,ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.രാജേഷ് | 01.04.18 മുതൽ31.03.19 വരെ |
| സെക്രട്ടറി | ശ്രീ.രാജീവൻ.വി | 01.04.18 മുതൽ 14.04.18 വരെ |

| | | |
|---|---|---|
| | (അസിസ്റ്റന്റ് സെക്രട്ടറി-അധിക ചുമതല) | |
| | ശ്രീ.സന്തോഷ് കുമാർ.വി.പി | 15.04.18 മുതൽ31.03.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഗംഗാധരൻ.എം | 01.04.18മുതൽ31.03.19 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.മുഹമ്മദ് ബഷീർ | 01.04.18മുതൽ31.03.19 വരെ |
| വി ഇ ഒ ,പരിയാരം | ശ്രീമതി ജീന കൃഷ്ണൻ | 01.04.18മുതൽ<br>31.05.18 വരെയും<br>30.07.18 മുതൽ 31.03.19 വരെയും |
| | ശ്രീമതി. സിന്ധു. എം. | 01.06.18 മുതൽ 22.06.18 വരെ |
| | ശ്രീ.കമാലുദ്ദീൻ എം.പി. | 23.06.18 മുതൽ 29.07.18 വരെ |
| വി ഇ ഒ,കുറ്റ്യേരി | ശ്രീമതി സിന്ധു എം.വി. | 01.04.18മുതൽ31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | ഡോ.അപർണ്ണ | 01.04.18മുതൽ05.09.18വരെ |
| | ഡോ.മുഹമ്മദ്സാദിഖ്.എ.പി | 06.09.18മുതൽ09.12.18 വരെ |
| | ഡോ.അനുമോൾ ജോസ് | 10.12.18മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദ | ഡോ.അജിത്ത് കുമാർ.കെ.സി. | 01.04.18മുതൽ30.09.18 വരെ |
| | ഡോ.സീമ.ടി.കെ | 18.10.18മുതൽ 31.03.19 വരെ<br>(01.10.18മുതൽ17.10.18വരെഒഴിവ്) |
| ഹെഡ്മാസ്റ്റർ | ശ്രീമതി.സതീദേവി.പി.എം | 01.04.18 മുതൽ 31.03.19 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.ചിത്രലേഖ.എ.പി | 01.04.18മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.രാജീവൻ | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശ്രീലത.പി. | 01.04.18മുതൽ 31.03.19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| | | |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-11 |
| 12 | കെട്ടിട നിർമ്മാണം പൂർത്തിയായ തീയതി മുതൽ വസ്തുനികുതി ഈടാക്കാത്തത് -₹8619 വരവ് നഷ്ടം | 1-12 |
| 13 | ഉപയോഗക്രമം മാറി വസ്തു നികുതി ഈടാക്കിയത് - കുറവ് വന്ന തുക ഈടാക്കേണ്ടതാണ് | 1-13 |
| 14 | ലൈസൻസെടുക്കാതെ നായകളെ വീട്ടിൽ വളർത്തുന്നത് - പിഴ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ് | 1-14 |
| 15 | ഇ ടെണ്ടർ -ടെണ്ടർ ഫീസ് തിരികെ ലഭ്യമായിട്ടില്ല | 1-15 |
| 16 | ഒഴിഞ്ഞ ബാരൽ വില- അതാത് ഫണ്ടുകളിലേക്ക് ഒടുക്കുന്നില്ല | 1-16 |
| 17 | ക്ഷേമപെൻഷൻ വിതരണം -മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ മരണവിവരം യഥാസമയം അറിയിക്കേണ്ടതാണ് | 1-17 |
| 18 | മഞ്ഞൾ ഗ്രാമം- പ്രോജക്റ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു | 1-18 |
| 19 | പാലിയേറ്റീവ് പരിചരണ പദ്ധതി- ഗുണഭോക്താക്കളുടെ വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല | 1-19 |
| 20 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -നിർവ്വഹണത്തിലെ അപാകങ്ങൾ- 25300 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു,17600രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-20 |
| 21 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധികം നല്കിയത്- തുക തിരികെ ഈടാക്കേണ്ടതാണ് | 1-21 |
| 22 | റിവോൾവിംഗ് ഫണ്ട്- തിരിച്ചടവ് തുക തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-22 |
| 23 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-23 |

| | | |
|---|---|---|
| 24 | റോഡ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല | 1-24 |
| 25 | കാഴ്ച്ച ശക്തിയില്ലാത്തവർക്ക് ടോക്കിംഗ് കമ്പ്യൂട്ടർ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-56600രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-25 |
| 26 | മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ കൂടുതൽ തുക അനുവദിച്ചു - ₹88,212 നിരാകരിക്കുന്നു | 1-26 |
| 27 | ക്യാൻസർ നിർണ്ണയ ക്യാമ്പ് - നിർവഹണത്തിലെ അപാകങ്ങൾ - 38,146 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ആകെ പ്രവൃത്തി മൂല്യത്തേക്കാൾ കൂടുതൽ തുക ചെലവഴിച്ചത്- കൂടുതൽ അന്വേഷണം ആവശ്യമാണ്. | 1-28 |
| 29 | ബ്ലോക്ക്പഞ്ചായത്ത് വിഹിതം-കണക്കുകളിൽ കൃത്യതയില്ല | 1-29 |
| ഭാഗം 2 വ്യക്തമായ വരവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ- ചാർജ്ജ് ചെയ്യാവുന്നവ<br><br>ഇല്ല | | |
| ഭാഗം 3 വ്യക്തമായ ചെലവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ-സർചാർജ്ജ് ചെയ്യാവുന്നവ | | |
| 30 | മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ കൂടുതൽ തുക അനുവദിച്ചു - ₹88,212 നിരാകരിക്കുന്നു | 3-1 |
| | ഭാഗം – 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | | |

| | | |
|---|---|---|
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 43 | റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 44 | ഇൻകം&എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 45 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.18 തീയതിയിലെ രണ്ടാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 2,78,05,410 |
| വരവ് | 21,33,41,000 |
| ആകെ | 24,11,46,410 |
| ചെലവ് | 23,73,76,000 |
| നീക്കിയിരിപ്പ് | 37,70,410 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 07.02.19 ലെ 9/19 നമ്പർ തീരുമാനത്തിൽ ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ ഉൾപ്പെടുന്നുണ്ടെങ്കിലും ഭരണസമിതി മിനുട്സിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ പുതുക്കിയ ബജറ്റ് അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.19 | 16.05.19 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 4,42,86,415 |
| വരവ് | 9,30,59,679 |
| ആകെ | 13,73,46,094 |
| ചെലവ് | 10,72,98,099 |
| നീക്കിയിരിപ്പ് | 3,00,47,995 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 1,86,96,662 | 1,86,96,662 | 1,82,66,957 | 4,29,705 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 38,84,000 | 38,84,000 | 38,84,000 | 0 |
| വികസന ഫണ്ട്- ടി.എസ് .പി (ACR പ്രകാരം) | 0 | 1,58,000 | 1,58,000 | 1,58,000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 2,00,24,000 | 2,00,24,000 | 2,00,24,000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് – നോൺ-റോഡ് (ACR പ്രകാരം) | 0 | 42,83,000 | 42,83,000 | 42,83,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 86,78,000 | 86,78,000 | 86,78,000 | 0 |
| സാക്ഷരത | 5204 | 157 | 5361 | 0 | 5361 |
| ദുരിതാശ്വാസ നിധി | 8,410(**) | 4,961 | 8,371 | 0 | 8,371 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 2,59,00,027 | 2,59,00,027 | 2,59,00,027 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2,259 | 3,54,643 | 3,56,902 | 2,86,506 | 70,396 |
| ടിഎസ് സി | | 13,74,579 | 19,67,496 | 33,42,075 | 24,79,914 | 8,62,161 |
| ഐ.സി.ഡി.എസ്-കേന്ദ്രവിഹിതം | | 6,46,865 | 10,92,182 | 17,39,047 | 6,00,000 | 11,39,047 |
| ശുചിത്വ മിഷൻ | | 7,00,496 | 6,82,000 | 13,82,496 | 5,20,335 | 8,62,161 |
| എസ് എസ് എ | | 2,43,639 | 0 | 2,43,639 | 0 | 2,43,639 |
| ഡബ്ല്യുജിഡിപി | | 86,690 | 4,334 | 91,024 | 0 | 91,024 |
| എം പി ഫണ്ട് | | 5,334 | 0 | 5,334 | 0 | 5,334 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 2,54,400 | 2,54,400 | 2,14,200 | 40,200 (refund) |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം | | 0 | 2,40,000 | 2,40,000 | 2,40,000 | 0 |
| ഉൽപ്പാദന ബോണസ് | | 0 | 5,47,570 | 5,47,570 | 5,47,570 | 0 |
| വിമുക്തി | | 18,775 | 25,000 | 43,775 | 18,119 | 25,656 |
| എം എൻ ആർ ഇ ജി എസ്-100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർക്കുള്ള പ്രതിഫലം | | 0 | 17,000 | 17,000 | 17,000 | 0 |
| കേരളോത്സവം | | 5,000 | 0 | 5,000 | 0 | 5,000 |
| ജോയിന്റ് | ബ്ലോക്ക് പഞ്ചായത്ത് | 26,63,256 | 28,41,250 (***) | 55,04,506 | 44,80,367 | 10,24,139 (***) |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 44,21,221 | 37,24,305 | 81,45,526 | 66,93,437 | 14,52,089 |
| ബ്ലോക്ക് പഞ്ചായത്ത്- പ്രത്യേക വിഹിതം | | 2,07,756 | 2,500 | 2,10,256 | - | 2,10,256 |
| ജനറൽ പർപ്പസ് ഗ്രാന്റ്(*) | | | 1,18,50,718 | | | |

(*)ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതിച്ചെലവുകൾക്കുള്ള എ സി ആർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ കൃത്യമായ വരവു ചെലവു കണക്കുകൾ ലഭ്യമല്ല.

തനതു ഫണ്ട് അക്കൗണ്ടുകളിൽ വിവിധ കാലയളവുകളിൽ മറ്റു ഏജൻസികളിൽ നിന്ന് ലഭ്യമായ ഫണ്ടുകളും ഉൾപ്പെടുന്നുണ്ട്. അവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തനതു ഫണ്ട് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.ലഭ്യമാക്കിയ കണക്കുകൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

എസ് എസ് എ ഫണ്ട് വിനിയോഗവിവരം നിരീക്ഷിക്കേണ്ടതും ആവശ്യമില്ലാത്ത തുക തിരിച്ചടക്കേണ്ടതുമാണ്.

സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന തുക യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്
(**)ദുരിതാശ്വാസ നിധി – മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു(RP-40(a)-2018-19)
(***)ബ്ലോക്ക് പഞ്ചായത്ത് വിഹിതം- കണക്കുകളിൽ അവ്യക്തതയുണ്ട്.ഖണ്ഡിക 1-29 കാണുക

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 210 | 139698853 | 154 | 99277088 | 13 | 56 | 141 | 67.14 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 12084314 | 11978240 |
| വെറ്റിനറി സർജ്ജൻ | 10 | 9 | 4064750 | 3432992 |
| വി ഇ ഒ | 16 | 13 | 21482931 | 16491281 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 6 | 6 | 921144 | 855998 |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 3 | 3 | 1050000 | 1050000 |
| ഹെഡ്മാസ്റ്റർ | 9 | 7 | 2889236 | 2207447 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5 | 6171045 | 5837655 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 410000 | 320000 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 126 | 82 | 84871595 | 53189530 |
| സെക്രട്ടറി | 25 | 21 | 5753838 | 3913945 |
| | 210 | 154 | 1,39,69,885 | 9,92,77,088 |

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ്

ആസൂത്രണസമിതി- 2018-19 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി യോഗം 2018 ജനവരി മാസം ചേർന്നിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതുമായി ബന്ധപ്പെട്ട മിനുട്സ് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ സൂക്ഷിപ്പിലാണ് ഉണ്ടായിരുന്നത് . എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും മിനുട്സ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച വിലയിരുത്തൽ നടത്താൻ കഴിഞ്ഞിട്ടില്ല.

പദ്ധതി രൂപീകരണത്തിനു ശേഷം നിർവ്വഹണ ഉദ്യോഗസ്ഥരെ മാറ്റിനിർത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തത് അപാകമാണ്. 2019-20 ലെ

ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങളും ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

സ്റ്റാൻഡിംഗ് കമ്മറ്റികൾ

നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള ചർച്ചകൾ നടത്തുന്നുണ്ടെന്നും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ടെന്നും സ്റ്റാൻഡിംഗ് കമ്മിറ്റ് മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. എന്നാൽ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിലും പാലിയേറ്റീവ് പരിചരണ പദ്ധതിയുടെയും അംഗണവാടി പ്രവർത്തനങ്ങളുടേയും വിലയിരുത്തലിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. സ്റ്റാൻഡിംഗ് കമ്മിറ്റികളിലും പ്രധാനപ്പെട്ട അജണ്ടയായി ഉൾപ്പെടുത്തുന്നത് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്, മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | 0 | 25900027 | 25900027 | 25900027 | 0 |
| ഭരണചെലവുകൾ | 2259 | 354643 | 356902 | 286506 | 70396 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,58,45,600 | 2,042 |
| കർഷകതൊഴിലാളി പെൻഷൻ | 93,39,300 | 700 |
| വിധവാപെൻഷൻ | 1,41,18,400 | 1,155 |
| 50വയസ്സിനുമുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 7,64,000 | 59 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 47,45,700 | 388 |
| തൊഴിൽ രഹിത വേതനം | 2,21,760 | 86 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1787 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

സാമ്പത്തിക വർഷാരംഭത്തിൽ രണ്ടുമാസത്തിലൊരിക്കലാണ് മീറ്റിംഗുകൾ ചേർന്നതെങ്കിലും സെപ്റ്റംബർ മാസം മുതൽ സ്റ്റാഫ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേർന്നിട്ടുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവു വഴി കൃത്യമായ ജോലിവിഭജനം നല്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ നിന്നും വ്യത്യസ്തമായാണ് ഈടാക്കിവരുന്നത്. കൂടുതൽ കേസുകളിലും നിശ്ചിത നിരക്കിനേക്കാൾ കൂടുതലായാണ് ഫീസ് ഈടാക്കിക്കാണുന്നത്. ആയത് പുന:പ്പരിശോധിച്ച് നിശ്ചിത നിരക്കിൽ തന്നെ ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.02.2020 | 1/2020 | 03.03.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.06.2020വരെ | 2015-16 മുതൽ 2019-20 വരെ | ലഭിച്ചിട്ടില്ല |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1 | ബി 4 ഷെഡ്യൂളിൽ ജില്ലാപഞ്ചായത്ത് വിഹിതം റവന്യൂ വിഭാഗത്തിൽ -304304 രൂപയാണ് കാണിച്ചത്. വരവിലെടുത്തപ്പോൾ തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയതാണ് അപാകത്തിന് കാരണമെന്ന് അറിയിച്ചിട്ടുണ്ട്.അനുബന്ധ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| 2 | ആർ പി7 ഷെഡ്യൂളിൽ വികസന ഫണ്ട് ജനറൽ ,സംരക്ഷണ ഗ്രാന്റ് റോഡിതരം വിഭാഗങ്ങളിലുള്ള വരവ് യഥാക്രമം 3584000രൂപയും 4145000രൂപയുമാണ്. എന്നാൽ എസി ആർ പ്രകാരം ഇവ യഥാക്രമം 3884000രൂപയും 4283000രൂപയുമാണ്. |
| | |

| | |
|---|---|
| 3 | ഹഡ്കോ ലോൺ ഇനത്തിൽ വരവ് വന്ന തുക 2830248രൂപയാണെങ്കിലും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ചേർത്തത് 2981360രൂപയാണ്. ഇതിൽ 1112 രൂപ പലിശ വരവും 150000രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയുമാണ്.ആയത് 2019-20 സാമ്പത്തിക വർഷം ജേണൽ എൻട്രി ചെയ്ത് ശരിയാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. |
| 4 | ദുരിതാശ്വാസ നിധി അക്കൗണ്ടിലേക്ക് സി എം ഡി ആർ എഫ് ലേക്കുള്ള തുക അക്കൗണ്ട് ചെയ്യാത്തതിനാൽ ദുരിതാശ്വാസ നിധി ബാങ്ക് അക്കൗണ്ടിലെ തുകയും ബാലൻസ് ഷീറ്റിൽ ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സിഎം ഡി ആർ എഫ് ഒടുക്കിയത് തനത് ഫണ്ട് അക്കൗണ്ടിൽ നിന്നായിരുന്നു. ആയത് 2019-20 സാമ്പത്തിക വർഷം റീക്ലപ്പ് ചെയ്ത് അക്കൗണ്ട് ബാലൻസ് ശരിയാക്കിയിട്ടുണ്ട്.ആർ പി 40a യിലെ തുകയിലും വ്യത്യാസമുണ്ട്. |
| 5 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതങ്ങൾ -കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. മുന്നിരിപ്പ് +ആർ പി 31 പ്രകാരമുള്ള വരവ്-സുലേഖ പ്രകാരമുള്ള ചെലവ് , ബി 4 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.ആർ പി 40 b യിലെ നീക്കിയിരിപ്പും വ്യത്യസ്തമാണ്. |

# 1-12 കെട്ടിട നിർമ്മാണം പൂർത്തിയായ തീയതി മുതൽ വസ്തുനികുതി ഈടാക്കാത്തത് -₹8619 വരവു നഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയോ പുതുക്കിപണിയുകയോ കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം കെട്ടിടമുടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസും 11-ാം ചട്ടപ്രകാരമുള്ള വസ്തുനികുതി റിട്ടേണും നൽകേണ്ടതും ആ അർദ്ധവർഷാരംഭം മുതൽ പുതുക്കിയ വസ്തുനികുതി നൽകാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. (തദ്ദേശ സ്വയം ഭരണ(ആർ സി) വകുപ്പിന്റെ 03.05.2020 ലെ RC2/100/2020/തസ്വഭവ സർക്കുലറിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതായി കെട്ടിടമുടമ റിപ്പോർട്ട് സമർപ്പിച്ച 15 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻ പരിശോധന നടത്തി കെട്ടിട നിർമ്മാണത്തിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനത്തിന്റെ സെക്രട്ടറി കെട്ടിടമുടമയെ രേഖാമൂലം അറിയിക്കണമെന്നും അപാകങ്ങളില്ലെങ്കിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ അപ്രകാരം സാക്ഷ്യപ്പെടുത്തി 15 ദിവസത്തിനകം ഒക്യുപ്പൻസി നല്കേണ്ടതാണെന്നും പ്രസ്തുത തീയതി മുതൽ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.)

എന്നാൽ താഴെ കൊടുത്തിരിക്കുന്ന സംഗതികളിൽ ഇപ്രകാരം ചെയ്തതായി സഞ്ചയ അപ്ലിക്കേഷനിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് | തറ വിസ്തീർണ്ണം (ച.മീ) | പൂർത്തിയാക്കിയ തീയതി (പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം) | 2018-19 സാമ്പത്തിക വർഷം മുതൽ ഈടാക്കിയ നികുതി (5% സെസ് ഉൾപ്പെടെ) | റിമാർക്സ് | ഈടാക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | V-725ബി | കുണ്ടിലെ പുരയിൽ മുഹമ്മദ് കുഞ്ഞി, കാഞ്ഞിരങ്ങാട് | 23.17 | 11.12.2017 (വാണിജ്യ കെട്ടിടം) | 1461 | 2017-18 രണ്ടാം അർദ്ധ വർഷം മുതൽ ഈടാക്കണം | 730 |
| 2 | V-725 സി മുതൽ എച്ച് വരെ | കുണ്ടിലെ പുരയിൽ മുഹമ്മദ് കുഞ്ഞി, കാഞ്ഞിരങ്ങാട് | 23.17 വീതം ആറ് മുറികൾ | 11.12.17 (വാണിജ്യ കെട്ടിടം) | 8766 ( 6*1461) | „ | 4383 |
| 3 | V-725 ഐ,ജെ | കുണ്ടിലെ പുരയിൽ മുഹമ്മദ് കുഞ്ഞി, കാഞ്ഞിരങ്ങാട് | 59.87 വീതം രണ്ടു മുറികൾ | 11.12.17 (വാണിജ്യ കെട്ടിടം) | 504 (252*2) | „ | 252 |
| 4 | V-725 കെ, എം | കുണ്ടിലെ പുരയിൽ മുഹമ്മദ് കുഞ്ഞി, കാഞ്ഞിരങ്ങാട് | 19.96 വീതം രണ്ടു മുറികൾ | 11.12.2017 (വാണിജ്യ കെട്ടിടം) | 2392 (1196*2) | „ | 1196 |
| 5 | VII-362ജി | ഷഫീക്ക്. കെ.ടി., കാലി | 119.93 | 14.12.2017 (പാർപ്പിടം) | 454 | „ | 227 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പ്പൊയിൽ, മാവിച്ചേരി | | | | | |
| 6 | VII-366ബി | കണ്ടത്തിൽ വളപ്പിൽ സമീറ | 117.36 | 7.03.2017 (പാർപ്പിടം) | 445 | 2017-18 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കണം | 445 |
| 7 | VI-307ബി | മുഹമ്മദ് ഷഫീഖ്, നെല്ലിപ്പറമ്പ് | 170.29 | 18.11.2017 (പാർപ്പിടം) | 645 | 2017-18 രണ്ടാം അർദ്ധവർഷം മുതൽ ഈടാക്കണം | 322 |
| 8 | II-94എ | കായക്കീൽ അബ്ദുള്ള , ചപ്പൻ തോട്ടിൽ സൈഫുന്നീസ, തിരുവട്ടൂർ | 211.04 | 4.07.2017 (പാർപ്പിടം) | 1064 | 2017-18 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കണം | 1064 |
| | | | ആകെ | | | | ₹8619 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/14.07.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവു വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-13 ഉപയോഗക്രമം മാറി വസ്തു നികുതി ഈടാക്കിയത് - കുറവു വന്ന തുക ഈടാക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തെ എഫ് ടി ഇ & ഒ എസ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ്(@4/ച.മീ.) വസ്തു നികുതി ഈടാക്കിയത്. (സഞ്ചയ അപ്ലിക്കേഷൻ വഴി പരിശോധിച്ചത്)

| വാർഡ്/ കെട്ടിട നമ്പർ | എഫ് ടി ഇ& ഒ എസ് ലൈസൻസ് രജിസ്റ്ററിലെ പേര്/സ്ഥാപനത്തിന്റെ സ്വഭാവം | സഞ്ചയപ്രകാരം ഈടാക്കിയ നികുതി @4/ചമീ (ഇളവ്/വർദ്ധനവ് ഉൾപ്പെടെ) |
|---|---|---|
| XVIII-622 | അബ്ദുൾ മുത്തലിബ്.കെ, മുബീന മൻസിൽ, സി പൊയിൽ ,പരിയാരം<br>അനാദിക്കച്ചവടം നടത്തുന്നതിന് | 63 ച. മീ ന് 49 രൂപ നികുതി ഈടാക്കി(ലൈബ്രറി സെസ് ഉൾപ്പെടെ) |
| | | |

| | | |
|---|---|---|
| XVIII-570 | ഏഴിൽ വീട്ടിൽ നാരായണൻ നമ്പ്യാർ ,പരിയാരം സെൻറർ<br>അരി പലവ്യഞ്ജനം വില്പന | 63 ച മീ ന് 186 രൂപ ഈടാക്കി(ലൈബ്രറി സെസ് ഉൾപ്പെടെ) |
| XVIII-571 | ,, | 72 ച മീ ന് 243 രൂപ ഈടാക്കി<br>(ലൈബ്രറിസെസ് ഉൾപ്പെടെ) |

പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ഉപയോഗക്രമത്തിനനുസരിച്ച് പുനർ നിർണ്ണയിക്കേണ്ടതും കുറവു വന്ന തുക ഈടാക്കി ഗ്രാമപഞ്ചായത്തു ഫണ്ടിൽ വരവു വെക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/17.07.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-14 ലൈസൻസെടുക്കാതെ നായകളെ വീട്ടിൽ വളർത്തുന്നത് - പിഴ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ) ചട്ടം 4(1) പ്രകാരം പട്ടികളേയോ പന്നികളേയോ വളർത്തുന്നതിന് അനുമതിക്കായി 10/- രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നല്കേണ്ടതാണ്. ചട്ടം 4(2) പ്രകാരം പട്ടിയോ പന്നിയോ കൈയ്യിൽ വന്നു ചേർന്ന് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പേവിഷ ബാധയ്ക്കെതിരായ കുത്തിവെപ്പ് എടുത്തിട്ടുണ്ടെന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം (ചട്ടം4(3)). ലൈസൻസ് എടുത്തതിന് തെളിവായി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ടോക്കൺ മൃഗത്തിന്റെ ശരീരത്തിൽ ഉണ്ടായിരിക്കേണ്ടതും ആയതിനെ അലഞ്ഞു തിരിയാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ്. ലൈസൻസ് കാലാവധി അതത് സാമ്പത്തിക വർഷാവസാനം അവസാനിക്കുന്നതും കാലാവധി അവസാനിക്കുന്നതിനു മുമ്പ് പുതുക്കേണ്ടതുമാണ്.

2018-19 സാമ്പത്തിക വർഷത്തെ പട്ടി,പന്നി ലൈസൻസ് വരവ് സംബന്ധിച്ച് അപേക്ഷകളും രജിസ്റ്ററും പ്രകാരം 115 പട്ടികളെ വളർത്തുന്നതിനുള്ള ലൈസൻസ് നല്കിയിട്ടുണ്ട്. എന്നാൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പേവിഷ നിയന്ത്രണം (പ്രോജക്ട് നമ്പർ 4/19) എന്ന പദ്ധതിയിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടത്തിയ പ്രതിരോധ കുത്തിവെപ്പിൽ 342 പട്ടികൾക്ക് കുത്തിവെപ്പ് എടുത്തിട്ടുണ്ട് .ഇവ വളർത്തു നായകളാണെങ്കിൽ നായകളെ ലൈസൻസില്ലാതെ വളർത്തു ന്നുണ്ടെന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ലൈസൻസില്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും നായകളെ വളർത്തുന്നതിനുള്ള പിഴയായി മേൽ പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം 250/- രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. വെറ്ററിനറി സർജനിൽ നിന്നും ഉടമസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് ചട്ടപ്രകാരമുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . (ഓഡിറ്റ് എൻക്വയറി നമ്പർ 14/14.07.2020)

## 1-15 ഇ ടെണ്ടർ -ടെണ്ടർ ഫീസ് തിരികെ ലഭ്യമായിട്ടില്ല

2015-16 സാമ്പത്തിക വർഷം ഇ ടെണ്ടർ സംവിധാനം ആരംഭിച്ചതുമുതൽ ടെണ്ടർ ഫീസ് ഓൺലൈനായി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രത്യേക സംവിധാനം ഇല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ കണ്ണൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടാണ് ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്തി വരുന്നത്. നാളിതു വരെയും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഈ ആവശ്യത്തിനായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | ടെണ്ടർ ഫീസ് | വാറ്റ്/ജിഎസ് ടി | ആകെ |
|---|---|---|---|
| 2015-16 | 33600 | 1730 | 35330 |
| 2016-17 | 126500 | 6325 | 132825 |
| 2017-18 | 54450 | 6534 | 60984 |
| 2018-19 | 118000 | 14160 | 132160 |

തുക തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ജി എസ് ടി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ് .

## 1-16 ഒഴിഞ്ഞ ബാരൽ വില- അതാത് ഫണ്ടുകളിലേക്ക് ഒടുക്കുന്നില്ല

2018-19 സാമ്പത്തിക വർഷം വിവിധ റോഡ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരൽ വില ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ 30.10.2017 ലെ സർക്കുലർ നം 59827/FM/07 പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഏതു ഫണ്ടുപയോഗിച്ചാണോ ടാർ വാങ്ങിയത് അതേ അക്കൗണ്ടിലേക്ക് ഒഴിഞ്ഞ ബാരൽ വില GO(P)177/06 Fin Dt 12.04.2016 ഖ 10.3 ലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് തിരിച്ചടക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഒഴിഞ്ഞ ബാരൽ വില സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-17 ക്ഷേമപെൻഷൻ വിതരണം -മറ്റു തദ്ദേശ

## സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ മരണവിവരം യഥാസമയം അറിയിക്കേണ്ടതാണ്

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷനർ ഐ ഡി | മരണപ്പെട്ട തീയതി | ഗ്രാമപഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|---|---|
| തോമസ് സിറിയക്ക് | 526122675861 | 111190201530 | 8.11.2018 | ഉദയഗിരി | 7/19 വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു . |
| റജീന എം | 779852397589 | 110960100315 | 20.02.19 | ചെറുതാഴം | 7/19 വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു . (സ്റ്റാറ്റസ് ആക്ടീവ്) |
| തട്ടിക്കുട്ടി അംസക്കുട്ടി | 747152589343 | 111150200913 | 24.03.19 | പരിയാരം | 4/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| കെ.എൻ. ഹംസ | 828976491028 | 102180201607 | 30.03.19 | പരിയാരം | 4/19 വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു . |
| മൊയ്തീൻകുട്ടി ഹാജി | 373460252714 | 102180201585 | 25.02.17 | തളിപ്പറമ്പ നഗരസഭ | 7/19 വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു .സേവനയിൽ കുഞ്ഞിമൊയ്തീൻ എന്നാണ്പേര് രേഖപ്പെടുത്തിക്കാണുന്നത്. നിജസ്ഥിതി |

| | | | | | |
|---|---|---|---|---|---|
| | | | | | പരിശോധിക്കുന്നതിനായി തളിപ്പറമ്പ നഗരസഭയുടെ ശ്രദ്ധയിൽ പെടുത്താവുന്നതാണ് |
| പാറോൽ ഹാജിറ | 7134457923752 | 111170200031 | 12.02.18 | ചപ്പാരപ്പടവ് | 7/19 വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു . സ്റ്റാറ്റസ് ആക്ടീവ് |

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്ത് നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അംഗണവാടി വർക്കർമാരുടേയും ആശാ വർക്കർമാരുടെയും സേവനം ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്ത് പരിധിയിൽ മരണപ്പെടുന്ന മുഴുവൻ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരം ശേഖരിക്കേണ്ടതും യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്.

# 1-18 മഞ്ഞൾ ഗ്രാമം- പ്രോജക്ടിൽ വകയിരുത്താതെ തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ -- കൃഷിഓഫീസർ

പ്രോജക്ട് നമ്പർ – 24/19

അടങ്കൽ – 100000(വികസന ഫണ്ട് ജനറൽ)

ചെലവ് - 100000(ബിൽ നമ്പർ 2/18-19 30.06.18)

ആവശ്യമായ സ്ഥലമുള്ളവരും മഞ്ഞൾ കൃഷി ചെയ്യാൻ താല്പര്യമുള്ളവരുമായ 444(222സ്ത്രീകളും 222പുരുഷന്മാരും) ഗുണഭോക്താക്കൾക്ക് വിത്ത് വിതരണം ചെയ്ത് (ഒരാൾക്ക് പരമാവധി നാലു പാക്കറ്റ്) 4 ഹെക്ടർ സ്ഥലത്ത് മഞ്ഞൾക്കൃഷി വ്യാപിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. കുറഞ്ഞത് 20 ടൺ ഉല്പാദന വർദ്ധനവും ലക്ഷ്യമിടുന്നു.

എ)വി എഫ് പി സി കെ , കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്ന് കിലോയ്ക്ക് 50 രൂപ നിരക്കിൽ 2666.675 കി.ഗ്രാം വിത്ത് വാങ്ങിയിട്ടുണ്ട്. വില 1,33,333രൂപ . 100000രൂപ വികസന ഫണ്ടിൽ നിന്നു നല്കിയതിനു പുറമേ 33333രൂപ കൂടി സ്ഥാപനത്തിന് നല്കിയതുമായി

ബന്ധപ്പെട്ട രശീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ശേഖരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഫണ്ടിനം ഏതെന്ന് പ്രോജക്ടിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃവിഹിതം പ്രോജക്ട് ഭേദഗതി സമയത്ത് ഉൾപ്പെടുത്തുന്നതാണെന്ന് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭേദഗതി വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തു രശീതി വഴിയല്ലാതെ ഗുണഭോക്തൃവിഹിതം ശേഖരിച്ചതും പ്രോജക്ടിൽ ഉൾപ്പെടുത്താതെ തുക ചിലവഴിച്ചതും ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 പാലിയേറ്റീവ് പരിചരണ പദ്ധതി- ഗുണഭോക്താക്കളുടെ വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 64/19 പെയിൻ & പാലിയേറ്റീവ്

അടങ്കൽ

₹500000 (വികസനഫണ്ട് - ജനറൽ)

₹100000 (ജില്ലാ പഞ്ചായത്ത് വിഹിതം)

₹21000 (തനതു ഫണ്ട്)

ചെലവ്:

₹499994(വികസന ഫണ്ട്)

₹21000(തനതു ഫണ്ട്)

₹100000(ജില്ലാ പഞ്ചായത്ത് വിഹിതം)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(പിഎച്ച്സി)

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ നടത്തിപ്പ് മാർഗ്ഗരേഖ സ.ഉ(സാധാ)നം.3217/2015/ ത.സ്വ.ഭ.വ തീയ്യതി.29.10.2015 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.5.6 അനുസരിച്ച് പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് യാതൊരു തുകയും ചെലവഴിക്കാൻ പാടില്ല. എന്നാൽ നാളിതു വരെയും നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/13.07.2020 ന് മറുപടിയായി നിലവിലുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പെയിൻ&പാലിയേറ്റീവ് പരിചരണം

കുറ്റമറ്റതും കാര്യക്ഷമവുമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും സർക്കാർ ഉത്തരവ് പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നല്കേണ്ടതുമാണ് .

# 1-20 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -നിർവ്വഹണത്തിലെ അപാകങ്ങൾ- 25300 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു,17600രൂപയുടെ ചെലവ് നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ട് നമ്പർ – 29/19

| അടങ്കൽ | ചെലവ് | |
|---|---|---|
| ഫണ്ടിനം | ബിൽ /ചെക്ക് നമ്പർ തീയതി | തുക |
| വികസന ഫണ്ട് - ജനറൽ ₹900000 | 5/18-19 20.08.18 | ₹87200 |
| | 6/18-19 7.10.18 | ₹717900 |
| | 9/18-19 31.01.19 | ₹ 52550 |
| | 10/18-19 25.03.19 | ₹ 42350 |
| ജില്ലാ പഞ്ചായത്ത് വിഹിതം-₹350000 | ചെക്ക് നമ്പർ 515904/26.03.19 | ₹350000 |
| ബ്ലോക്ക്പഞ്ചായത്ത്വിഹിതം ₹350000 | ചെക്ക് നമ്പർ 2780987/24.01.19 | ₹350000 |

1.ഗ്രാമസഭകളിൽ വായിച്ച് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2.ഫാത്തിമ ഉനൈസ് എന്ന വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പിനത്തിൽ 25300രൂപ നല്കിയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥിനിക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് നല്കിയിരിക്കുന്നത് ഓർത്തോപീഡിഷൻ, ഓഫ്ത്താൽമോളജിസ്റ്റ്, ഇ എൻടി സർജൻ തുടങ്ങിയവരടങ്ങുന്ന മെഡിക്കൽ സംഘമാണ്. ഇതിൽ പ്രസ്തുത വിദ്യാർത്ഥിനിക്ക് മാനസിക വെല്ലുവിളികൾ ഉള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്നിരിക്കെ പ്രസ്തുത വിദ്യാർത്ഥിനിക്ക് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നല്കുന്ന നിരക്കിൽ സ്കോളർഷിപ്പ് നല്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ പ്രസ്തുത വിദ്യാർത്ഥിനിക്ക് വിവിധ തരത്തിലുള്ള ശാരീരിക മാനസിക അപര്യാപ്തതകളുണ്ട് എന്ന് അറിയിക്കുകയുണ്ടായി. എന്നാൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ ആയതു സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3.ആദിത്യ കെ സി- മെഡിക്കൽ ബോർഡ് നല്കിയ സർട്ടിഫിക്കറ്റിൽ 30% ഡിസ്എബിലിറ്റി എന്നാണ് രേഖപ്പെടുത്തിയത്. കുറഞ്ഞത് 40% ശാരീരിക മാനസിക വെല്ലുവിളികൾ

നേരിടുന്നവർക്കാണ് ആനുകൂല്യത്തിന് അർഹത. 24.11.2017 ന് നല്കിയ സർട്ടിഫിക്കറ്റിൽ ഒരു വർഷത്തിനു ശേഷം പുനപ്പരിശോധന നടത്താൻ നിർദ്ദേശിച്ചിരുന്നു.ആയത് ചെയ്തിട്ടുണ്ടെങ്കിൽ അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.(കൈപ്പറ്റിയ തുക 8000രൂപ)

4.കാവ്യ കെ- ജവഹർ നവോദയ വിദ്യാലയ കോതമംഗലം എന്ന സ്ഥാപനത്തിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ ടിയാരിയുടെ പ്രിൻസിപ്പൽ നല്കിയ സാക്ഷ്യപത്രത്തിൽ താമസ ഭക്ഷണച്ചെലവുകളും പുസ്തകം വസ്ത്രം തുടങ്ങിയവയും സ്ഥാപനത്തിൽ നിന്നും നല്കുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഹാജരാക്കിയ റേഷൻ കാർഡിന്റെ പകർപ്പിൽ (കാർഡ് നമ്പർ 2365127009)കുട്ടിയുടേയോ മാതാപിതാക്കളുടെയോ പേര് ഉൾപ്പെടുന്നില്ല. നേറ്റിവിറ്റി സർട്ടിഫിക്കറ്റിൽ ജനനസ്ഥലം പരിയാരം ഗ്രാമപഞ്ചായത്താണെങ്കിലും താമസസ്ഥലം എറണാകുളം ജില്ലയിലെ കോതമംഗലമാണ്. കോതമംഗലം നഗരസഭയിലെ ഭിന്നശേഷി പെൻഷൻ ഗുണഭോക്താവായി 5/2020 ൽ അംഗീകരിച്ച കുട്ടിയുടെ പെൻഷനർ ഐ ഡി 101920400367 ആണ്. എട്ടാം ക്ലാസ് വിദ്യാർഥിനിയായ പ്രസ്തുത ഗുണഭോക്താവിന് ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് നല്കുന്ന നിരക്കിൽ 750*12+600=9600രൂപയാണ് ധനസഹായമായി നല്കിയത്. ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരല്ലാത്തവർക്ക് ആനുകൂല്യം നല്കുന്നത് ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.(സ ഉ (കൈ)22/18 തസ്വഭവ തീയതി 14.02.18 ഖണ്ഡിക 7.1.7 നു ശേഷമുള്ള കുറിപ്പ് കാണുക)

പരിയാരം ഗ്രാമപഞ്ചായത്തിൽ നിന്നും സ്കോളർഷിപ്പ് നല്കാനിടയായ സാഹചര്യം വ്യക്തമാക്കപ്പെട്ടിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/14.07.2020,17/15.07.2020 ഇവയ്ക്ക് നല്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. )

മേൽക്കാരണങ്ങളാൽ 25300രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു, 17600രൂപയുടെ ചെലവ് നിരാകരിക്കുന്നു.

# 1-21 ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധികം നല്കിയത്- തുക തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥ – ഐസിഡിഎസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ – 19/19,അംഗണവാടികൾക്ക് പോഷകാഹാരം

| അടങ്കൽ | ചെലവ് | ബിൽ/ചെക്ക്നമ്പർ തീയതി |
|---|---|---|
| ₹1873936 (വികസനഫണ്ട് ജനറൽ) | 287713 | 1/18-19,27.06.18 |
| | 272766 | 4/18-19,20.08.18 |
| | 1098875 | 7/18-19,1.10.18 |
| | 214582 | 8/18-19,14.11.18 |
| ₹600000(കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം) | 595678 | 2780986/17.01.19 |
| | | |

| | | |
|---|---|---|
| | 175307 | 1782498/17.01.19 |
| | 211997 | 1782505/25.02.19 |
| | 409727 | 1782509/21.03.19 |
| ₹1226064(തനത് ഫണ്ട്) | 4322 | 2780989/21.03.19 |
| | 429033 | 1782510/21.03.19 |
| ആകെ ₹37,00,000 | ₹37,00,000 | |

2018-19 സാമ്പത്തിക വർഷത്തെ പോഷകാഹാര വിതരണത്തിനായുള്ള ട്രാൻസ്പോർട്ടേഷൻ കരാർ നല്കിയിരിക്കുന്നത് ശ്രീ ശ്രീധരൻ(ന്യൂട്രിമിക്സ്- @2.50/കിഗ്രാം) , ശ്രീ മനോഹരൻ എം (മറ്റുള്ളവ @ 2.75 /കിഗ്രാം) എന്നിവർക്കാണ്. ക്വട്ടേഷനുകൾ അംഗീകരിച്ചതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ക്വട്ടേഷനുകൾ ഭരണസമിതി അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

4/18 ,7/18 മാസങ്ങളിൽ പോഷകാഹാരം ഇറക്കിയ വകയിൽ ശ്രീ മനോഹരൻ.എം എന്നവർക്ക് 4/18 ലേക്ക് 8575കിഗ്രാം സാധനങ്ങളും 7/18 ലേക്ക് 7270കിഗ്രാം സാധനങ്ങളും (ആകെ 15845 കി.ഗ്രാം) ഇറക്കിയതായി കാണിച്ച് 42781.50രൂപ (2.70 രൂപ നിരക്കിൽ തെറ്റായി കണക്കാക്കിയത്) നൽകിയിട്ടുണ്ട്.

എന്നാൽ 4/18 ൽ 9930 കി ഗ്രാം സാധനങ്ങളും 7/18 ൽ 5270 കിഗ്രാം സാധനങ്ങളുമാണ് വിവിധ അങ്കണവാടികളിൽ ഇറക്കിയത് . (ആകെ 15200കി ഗ്രാം സാധനങ്ങൾ)

പിന്നീട് 1643 കി ഗ്രാം സാധനങ്ങൾക്കു വേണ്ടി 4/18 ലെ ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ വീണ്ടും 4518 രൂപ നല്കിയിട്ടുണ്ട്. 4/18 ,7/18 മാസങ്ങളിലേക്കായി ആകെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 47299.75 രൂപ നല്കിയതിൽ താഴെ പറയും പ്രകാരം 5499.75 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

| ഇറക്കിയ അളവ് | നല്കിയ തുക | നല്കേണ്ട തുക | അധികം നൽകിയത് |
|---|---|---|---|
| 4/18 9930കി ഗ്രാം | 42781.50+4518.25<br>47299.75രൂപ (5270+7270കി ഗ്രാം കണക്കാക്കി) | (9930+5270)*2.75<br>15200*2.75=41800 | 47299.75-41800<br>=5499.75രൂപ |
| 7/18 5270കി ഗ്രാം | | | |
| ആകെ 15200കി ഗ്രാം | | | |

തുടർന്നുള്ള മാസങ്ങളിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കിയതിൽ കുറവു വന്നതിനാൽ താഴെ പറയും പ്രകാരം 1567രൂപയുടെ അധികച്ചെലവാണ് ഈയിനത്തിൽ ഉണ്ടായിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി.

2018-19 ൽ ഇറക്കിയ ഭക്ഷ്യധാന്യങ്ങളുടെ ആകെ ഭാരം 31295കി ഗ്രാം

നല്കേണ്ട തുക 31295കി ഗ്രാം @ 2.75=31295*2.75=86061

നല്കിയ തുക =87629രൂപ

അധികം നല്കിയത് =87629-86061=1568രൂപ

അധികം നല്കിയ 1568 രൂപ തിരിച്ചടക്കേണ്ടതാണ്. (7/18 ന ശേഷം നല്കിയതിൽ കുറവു വന്നതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ച തുക 2019-20 ൽ നല്കിയിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്)

# 1-22 റിവോൾവിംഗ് ഫണ്ട്- തിരിച്ചടവു തുക തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല
